(സി) ആവശ്യപ്പെട്ടിരുന്നു.

(ഡി) ഇല്ല.

(ഇ) പെൽഡ്രൈവ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ സ്ഥാനം ഒഴിഞ്ഞത് 26-6-2004-ലും അനർട്ട് ഡയറക്ടറായി സ്ഥാനം ഏറ്റെടുത്തത് 28-6-2004-ലുമാണ്. രേഖകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അനർട്ട് ഡയറക്ടർ നിയമനത്തിനെതിരെ വിജിലൻസ് അന്വേഷണം

39 [2656] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനർട്ടിന് എക്സ്. എൽ. ടെലികോം എന്ന കമ്പനി എത്ര കോടി രൂപയ്ക്കുള്ള സോളാർ ഉപകരണങ്ങൾ സപ്ലൈ ചെയ്തിട്ടുണ്ട്; ഇവ അനർട്ട് എവിടെയെല്ലാം സ്ഥാപിച്ചു;

(ബി) ഇവയിൽ മിക്കതും ഉപയോഗശൂന്യമായി മാറിയതായ പരാതികൾ അനർട്ടിന്റെയോ സർക്കാരിന്റേയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ഉപകരണങ്ങളിൽ പ്രധാന ഘടകഭാഗങ്ങൾ തിരുവനന്തപുരത്തെ പെൽ ഡ്രൈവ് എന്ന കമ്പനി ഉപകരാറുവഴി നിർമ്മിച്ചതാണെന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഈ പെൽ ഡ്രൈവ് കമ്പനിയുടെ ഉടമയും എം. ഡി.-യുമായ വ്യക്തിയാണോ അനർട്ടിലെ പുതിയ ഡയറക്ടറായി നിയമിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ ഡയറക്ടർ നിയമനം, ഈ ഉപകരണങ്ങളുടെ ശോച്യാവസ്ഥ ഫീൽഡ് ആഫീസുകളിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നതിന് ഏതെങ്കിലും വിധത്തിൽ തടസ്സപ്പെടുത്തുന്നുണ്ടോ;

(എഫ്) എക്സ്. എൽ. ടെലികോമിന്റെ അനർട്ടുമായുള്ള ഇടപാട് വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ വരുന്നുണ്ടോ;

(ജി) മേൽപ്പറഞ്ഞ വ്യവസ്ഥയിൽ പുതിയ അനർട്ട് ഡയറക്ടർ നിയമനം ടി വിജിലൻസ് അന്വേഷണത്തെ ബാധിക്കാതിരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

† അനുബന്ധം VIII

ഉത്തരം

(എ) 10,70,14,953 രൂപയുടെ സോളാർ ഉപകരണങ്ങൾ സപ്ലൈ ചെയ്തിട്ടുണ്ട്. ഈ ഉപകരണങ്ങൾ സ്ഥാപിച്ച സ്ഥലങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) പെൽട്രൈഡ്രൈവ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ആയിരുന്ന ഡോ. മധുമംഗലിനെ കമ്പനിയുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിച്ചതിനുശേഷമേ സ്ഥാനം ഏറ്റെടുക്കാവൂ എന്ന നിബന്ധനയോടെയാണ് അനർട്ട് ഡയറക്ടറായി നിയമിച്ചിട്ടുള്ളത്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഉണ്ട്.

(ജി) അനർട്ടിലെ ഇടപാടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് നടത്തിയ അന്വേഷണം പൂർത്തിയായിക്കഴിഞ്ഞു. അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

റേഷൻ സാധനങ്ങൾക്ക് സബ്സിഡി

40 [2657] ശ്രീ. സാജു പോൾ:
,, കെ. വി. കുഞ്ഞിരാമൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും സബ്സിഡി നിരക്കിൽ റേഷൻ സാധനങ്ങൾ നൽകാൻ തയ്യാറാവുമോ;

(ബി) ഇപ്പോൾ റേഷൻ സാധനങ്ങൾക്ക് സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) സബ്സിഡി ഇനത്തിൽ എന്തു തുക വീതം കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ചെലവഴിച്ചിട്ടുണ്ടെന്ന് പറയാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly